**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:**1020 **28.04.2017** ൽ മറുപടിയ്ക്ക്

**മൂന്നാറിലും സമീപ വില്ലേജുകളിലും നൽകിയ വ്യാജപട്ടയങ്ങൾ**

**ചോദ്യം**
**ശ്രീ.എൻ. ഷംസുദ്ദീൻ**

**മറുപടി**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | മൂന്നാറിലും സമീപ വില്ലേജുകളിലും ഇതുവരെ നൽകിയിട്ടുള്ള പട്ടയങ്ങളിൽ വ്യാജപട്ടയമുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) മൂന്നാറിലും സമീപ വില്ലേജുകളിലും നൽകിയിട്ടുള്ള പട്ടയങ്ങളിൽ വ്യാജ പട്ടയങ്ങൾ ഉണ്ടോ എന്ന് പരിശോധിച്ചിട്ടുള്ളതാണ്. |
| (ബി) | വ്യാജപട്ടയങ്ങൾ കണ്ടെത്തുവാനും മറ്റും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (ബി) വ്യാജ പട്ടയങ്ങൾ കണ്ടെത്തുവാൻ റവന്യൂ വകുപ്പുതലത്തിലും കൂടാതെ ചില കേസുകളിൽ ക്രൈം-ബ്രാഞ്ച്, വിജിലൻസ് വകുപ്പുകൾ മുഖേനയും അന്വേഷണം നടന്നുവരുന്നു. |
| (സി) | വ്യാജപട്ടയം ലഭിച്ച സ്ഥലങ്ങളിൽ നിർമ്മിച്ച കെട്ടിടങ്ങൾ പൊളിച്ചുമാറ്റുവാൻ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര ഭൂവുടമകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്; | (സി)കെട്ടിടങ്ങൾ പൊളിച്ചു മാറ്റുവാൻ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭൂവുടമകൾക്ക് നോട്ടീസ് നൽകിയിട്ടില്ലാത്തതാണ്. എന്നാൽ വ്യാജ പട്ടയങ്ങൾ റദ്ദാക്കുന്നതിനും അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഇതുപ്രകാരം റവന്യൂ അധികൃതർ എത്ര കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയിട്ടുണ്ട്; അവ ഏതെല്ലാം ? | (ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ